# മായാവതിയുടെ ഇമേജ് വർധന വിനും പൊതുഖജനാവിലെ പണം

**ഇന്ത്യൻ** ജനാധിപത്യ സംവിധാനത്തിൽ വിള്ളൽ വീഴ്ത്തുന്ന ഒരു പാട് സംഭവങ്ങൾ സമീപകാലത്ത് കണ്ടുകൊണ്ടിരിക്കുകയാണ്. ഏറ്റവും ഒടുവിലത്തെ ഉദാഹരണമാണ് ലോക്സഭാ തെരഞ്ഞെടുപ്പിന് മൂന്നാം മുന്നണി പ്രധാനമന്ത്രി സ്ഥാനാർഥിയായി ഉയർത്തിക്കാട്ടിയ മായാവതിയുടെ പ്രതിമാനിർമാണം. പൊതുഖജനാവിൽനിന്ന് 2000 കോടി രൂപ ചെലവിട്ട് സ്വന്തം പ്രതിമകളും പാർട്ടി ചിഹ്നമായ ആനയുടെ പ്രതിമകളും സംസ്ഥാനത്തുടനീളം സ്ഥാപിക്കുകയാണ് ഉത്തർപ്രദേശ് മുഖ്യമന്ത്രി മായാവതി.

താൻ മുഖ്യമന്ത്രിയായ ഉത്തർപ്രദേശിൽ ജനസംഖ്യയുടെ നല്ലൊരു ഭാഗം അടിസ്ഥാനസൗകര്യങ്ങൾ പോലുമില്ലാതെ കഷ്ടപ്പെടുകയാണെന്ന് അവർ അറിയാതെ പോയോ? ജനങ്ങളുടെ രോദനങ്ങൾ അവർ കേട്ടിരിക്കില്ലേ? അതുകൊണ്ടാണല്ലോ പൊതുഖജനാവിൽ 'വെറുതെ കിടന്ന' കേവലം രണ്ടായിരം കോടി രൂപ ഇമേജ് വർധിപ്പിക്കുന്നതിനായി സ്വന്തം പ്രതിമകളുണ്ടാക്കാൻ അവർ ചെലവഴിച്ചത്!

പ്രതിദിന വരുമാനം 20 രൂപയിൽ താഴെ മാത്രമുള്ള ആയിരക്കണക്കിന് തൊഴിലാളികൾ ജീവിക്കുന്ന നാടാണ് നമ്മുടേത്. തൊഴിലെടുക്കുന്നതിന് കൂലിയായി ഭക്ഷണം മാത്രം വാങ്ങുന്ന ആളുകൾ വേറെയും. ഭക്ഷണം വാങ്ങാൻ പണമില്ലാത്തതിനാൽ പട്ടിണി കിടക്കുന്നവരും ഏറെ. മായാവതിയുടെ ഉത്തർപ്രദേശ് അതിൽ മുന്നിൽ നിൽക്കുന്നു.

വിശപ്പടക്കാൻ മറ്റു മാർഗമില്ലാതെ ഭക്ഷണം മോഷ്ടിക്കുന്ന തെരുവ് ബാല്യങ്ങളെ അങ്ങാടികളിൽ വളഞ്ഞിട്ട് തല്ലുന്നവരും, കുടുംബത്തിന്റെ പട്ടിണി മാറ്റാൻ നിവൃത്തികേടുകൊണ്ട് പിടിച്ചുപറി നടത്തുന്നവരെ ബൈക്കിൽ കെട്ടി ക്രൂരമായ വലിച്ചിഴക്കുന്നവരുമാണ് ആർഷഭാരതത്തിലെ അഭിമാനികളായ 'പൗരന്മാർ'. അതേസമയം, അധികാരത്തിന്റെ സിംഹാസനങ്ങളിലിരുന്ന് പൊതുഖജനാവിലെ കോടികൾ സ്വന്തം പോക്കറ്റിലേക്കും പാർട്ടിയുടെ അക്കൗണ്ടുകളിലേക്കും വഴിമാറ്റുന്ന അധികാരികൾക്ക് പൂമാലയിട്ട് സ്വീകരണവും!

അധികാര പീഠങ്ങൾ നീതിയുടെയും പ്രജാസ്നേഹത്തിന്റെയും ഉത്തുംഗതയിലേക്കുയർത്തിയ മഹാരഥന്മാരെ കൊണ്ടും ചരിത്രം സമ്പുഷ്ടമാണ്. ഖലീഫമാരായ അബൂബക്കറും ഉമറും ഉസ്മാനും അലിയും(റ) നാടു ഭരിച്ചത് പൊതുഖജനാവിലെ സമ്പാദ്യം സ്വപ്നം കണ്ടായിരുന്നില്ല. സ്വയം കഷ്ടപ്പെടുമ്പോഴും പ്രജകളുടെ ക്ഷേമം ഉറപ്പുവരുത്തുന്നതിൽ സന്തോഷം കണ്ടെത്തിയിരുന്നു അവർ.

രാത്രികളിൽ ഉറക്കമൊഴിച്ച് വേഷം മാറി പ്രജകളുടെ നൊമ്പരങ്ങളറിയാൻ നാടു ചുറ്റിയിരുന്ന ഖലീഫ ഉമറും, പൊതുഖജനാവിലെ പണം കൊണ്ട് വാങ്ങിയ ആപ്പിളുകളിലൊന്ന് പിഞ്ചുമകൻ തിന്നാനൊരുങ്ങിയപ്പോൾ മകന്റെ വായിൽ കൈയിട്ട് ആപ്പിളിന്റെ അവശിഷ്ടങ്ങൾ പുറത്തേക്കൊഴിവാക്കിയ ഉമറുബ്നു അബ്ദുൽ അസീസും ചരിത്രത്തിന്റെ താളുകളിൽ ശോഭിച്ചുനിൽക്കുന്നുണ്ട്. തെരഞ്ഞെടുപ്പ് സമയങ്ങളിൽ മാത്രം ജനങ്ങളിലേക്ക് ഇറങ്ങിവരുന്ന രാഷ്ട്രീയ അവതാരങ്ങൾ, സ്വന്തം പ്രജയുടെ പ്രസവ ശുശ്രൂഷക്ക് ഭാര്യയെ അയച്ച ഖലീഫയെ കുറിച്ച് പഠിക്കേണ്ടതുണ്ട്.

അധികാരി വർഗം ബുള്ളറ്റ് പ്രൂഫ് കൊട്ടാരങ്ങളിലും പ്രജകൾ ചോർന്നൊലിക്കുന്ന കൂരകളിലും ആയിരിക്കുമ്പോൾ എന്ത് 'ജനാധിപത്യ ഭരണം'? പ്രജകളുടെ നൊമ്പരപ്പാടിൽ വിഹ്വലരാകുന്ന ഭരണാധിപന്മാരാണ് നാടിന്റെ സമ്പത്ത്. യൂഫ്രട്ടീസിന്റെ തീരത്ത് ഒരാട്ടിൻകുട്ടി വിശന്നു ചത്താൽ ഭരണാധികാരിയായ താൻ ദൈവസന്നിധിയിൽ ഉത്തരം ബോധിപ്പിക്കേണ്ടിവരുമെന്ന ഖലീഫാ ഉമറിന്റെ ഭയം ആധുനിക ജനാധിപത്യത്തിന്റെ കാവൽ ഭൂതങ്ങൾക്കില്ലാതെ പോയതാണ് ജനാധിപത്യത്തിന്റെ ഏറ്റവും വലിയ അപചയവും.

**ലുഖ്മാൻ വളവന്നൂർ**
luqmantp@gmail.com

## താളം പിഴക്കുന്ന കുടുംബങ്ങൾ

**താജ്** ആലുവയുടെ 'നാം നമ്മോട് ചോദിക്കേണ്ട ചോദ്യങ്ങൾ' (ലക്കം 50) എന്ന തലവാചകത്തിലുള്ള ലേഖനമാണ് ഈ കത്തിന് പ്രേരകം.

ഓരോരുത്തരും നിർബന്ധമായും സ്വയം ചോദിക്കുകയും ഉത്തരം കണ്ടെത്തുകയും ചെയ്യേണ്ടവയാണിത്. പ്രസ്തുത ചോദ്യങ്ങളും നിർദേശങ്ങളും വിശുദ്ധ ഖുർആനിലേക്കും തിരുസുന്നത്തിലേക്കും വിരൽ ചൂണ്ടി നമ്മെ ബോധവാന്മാരാക്കുന്നത് കെട്ടുറപ്പുള്ള ശക്തമായ ഒരു കുടുംബത്തിലേക്കാണ്.

ഇന്ന് നാം കാണുന്ന സകല കുടുംബപ്രശ്നങ്ങളും ഉണ്ടാവുന്നത് ഖുർആനെയും തിരുസുന്നത്തിനെയും കുറിച്ചുള്ള അജ്ഞത മൂലമാണ്. കുടുംബങ്ങൾ എങ്ങനെയാവണമെന്നതും അതിന്റെ മഹനീയതയും പരിശുദ്ധ ഖുർആനിലും തിരുസുന്നത്തിലും നമുക്ക് കാണാൻ സാധിക്കും. അത് മനസിലാക്കാതെ ഭൗതികതയുടെ കാഴ്ചപ്പാടിൽ കുടുംബം നിർമിക്കുന്നതാണ് കുടുംബ ശൈഥില്യത്തിന് കാരണം.

ചെറിയ കുഞ്ഞിന് ഏറ്റവും ആവശ്യമായ മാതൃലാളനയും സ്നേഹവാത്സല്യങ്ങളും കിട്ടേണ്ട സമയം അവർ ഡേകെയർ സെന്ററുകളിലായിരിക്കുന്നതിനാൽ മാതാപിതാക്കളുടെ മഹത്വവും സ്നേഹവും അവരറിയുന്നില്ല. ഈ കുഞ്ഞുങ്ങൾ വലുതായാൽ മാതാപിതാക്കൾ അവർക്ക് ഒരു ഭാരവും പ്രയാസവും ആയി അനുഭവപ്പെടും എന്നതിനാൽ വൃദ്ധ സദനങ്ങളിൽ മാതാപിതാക്കൾ തള്ളപ്പെടുന്നു.

കുടുംബാംഗങ്ങൾ കൂടിയിരുന്ന് കാര്യങ്ങൾ തീരുമാനിക്കുകയും പ്രശ്നങ്ങളും പ്രയാസങ്ങളും ചർച്ച ചെയ്യുകയും മനസിലാക്കുകയും ചെയ്യാത്തതിനാൽ കുടുംബത്തിന്റെ ഭദ്രതക്ക് കോട്ടം സംഭവിക്കുന്നു. സാമ്പത്തിക കാര്യങ്ങളിൽ മക്കളുടെ അറിവില്ലായ്മ കരുതലില്ലാത്ത ജീവിത സ്വപ്നങ്ങളിൽ അവരെ എത്തിക്കുന്നു.

**സിയാസുദ്ദീൻ ബിൻ ഹംസ,**
**സൗത്ത് അന്തമാൻ**

# ഇസ്‌ലാമിക പ്രസ്ഥാനം: ഒരു പുനർവായന

***പ്രബോധന***ത്തിൽ (ലക്കം 5) ടി.കെ അബ്ദുല്ല സാഹിബിന്റെ ‘കേരള മുസ്‌ലിം നവോത്ഥാനത്തിൽ ജമാഅത്തെ ഇസ്‌ലാമിയുടെ പങ്ക്’ എന്ന പ്രഭാഷണത്തിന്റെ ലേഖനാവിഷ്കാരത്തിൽ പ്രസ്ഥാന പ്രവർത്തനത്തിൽ സംഭവിച്ചിട്ടുള്ള ചില പോരായ്മകളും പാളിച്ചകളും വരികൾക്കിടയിൽ സൂചിപ്പിക്കുന്നുണ്ട്. ഈ കുറിപ്പുകാരനുണ്ടായ ഒരനുഭവം: പ്രശസ്തനായ ഒരു സുന്നി പണ്ഡിതനുമായി കുറച്ച് മുമ്പ് സംസാരിക്കാൻ അവസരം ലഭിച്ചു. അദ്ദേഹം പൂർവകാല സംഭവങ്ങൾ അനുസ്മരിച്ചുകൊണ്ട് പറഞ്ഞു: “ഞാൻ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ ആദ്യഘട്ടത്തിൽ ആകൃഷ്ടനായിത്തീരുകയും അതിനു വേണ്ടി ധാരാളം പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ട്. ഞങ്ങളെ പോലുള്ളവരെ ഇതിലേക്കാകർഷിച്ചത് പ്രസ്ഥാനം സമൂഹത്തിന്റെ മുന്നിൽ സമർപ്പിച്ച സാമൂഹിക മാറ്റം എന്ന വിപ്ലവാഹ്വാനമായിരുന്നു. അഭിപ്രായ വ്യത്യാസത്തിനും മദ്ഹബ് തർക്കങ്ങൾക്കും ഒരു പഴുതും കൊടുക്കാതെയായിരുന്നു പ്രസ്ഥാനനായകനായ മൗദൂദി സാഹിബ് പ്രസ്ഥാനം രൂപവത്കരിച്ചത്. അവിടെ ഹനഫികളും ശാഫിഈകളും മറ്റു മദ്ഹബുകാരും മദ്ഹബ് അംഗീകരിക്കാത്തവരും ഉണ്ടായിരുന്നു. കേരളത്തിലും ആദ്യഘട്ടത്തിൽ പ്രസ്ഥാനത്തിൽ എല്ലാ മദ്ഹബുകാരും ഉണ്ടായിരുന്നു. പിന്നീട് നിങ്ങളും ശാഖാപരമായ കൈകെട്ട്, ഖുനൂത്ത്, തറാവീഹ് റക്അത്തുകളുടെ എണ്ണം, നമസ്കാര ശേഷമുള്ള കൂട്ട പ്രാർഥന തുടങ്ങിയ വിഷയങ്ങളിൽ മുജാഹിദുകളെപ്പോലെ തീവ്രവാദികളാവാൻ തുടങ്ങിയപ്പോഴാണ് ഞങ്ങളെ പോലുള്ളവർ പ്രസ്ഥാനത്തിൽനിന്ന് വിട്ടുപോന്നത്”. ഇതുതന്നെയല്ലേ ടി.കെയും സൂചിപ്പിക്കുന്നത്. “തത്ത്വത്തിൽ അംഗീകരിച്ചാലും മരണം വരെ ജീവിതം അല്ലാഹുവിന് എന്ന് അംഗീകരിക്കുക വളരെ പ്രയാസമുള്ള കാര്യമാണ്. ഇത് അവതരിപ്പിച്ചപ്പോഴും അൽപം കടുപ്പം വന്നുപോയിട്ടുണ്ട്. പറഞ്ഞത് ശ്രോതാവിന് ജീവിതത്തിൽ പകർത്താൻ പാകത്തിലാകണം. ആദർശം വല്ലാതെ തലക്കുകയറിയപ്പോൾ എന്താ അങ്ങനെ പൂർണ മുസ്‌ലിമായാൽ എന്ന് തോന്നിപ്പോവുക സ്വാഭാവികവുമാണ്. ഇതിനെ ആത്മാർഥമായ ഒരു വീഴ്ചയായി കണ്ടാൽ മതി. പക്ഷേ, ഇക്കാര്യം സമൂഹവുമായി ഉള്ളുതുറന്ന് പങ്കുവെച്ചില്ല.”

കേരളീയ മുസ്‌ലിം സമൂഹത്തിന്റെ മതപരമായ വീക്ഷണങ്ങളിൽ മദ്ഹബിന് അന്നും ഇന്നും നല്ല സ്വാധീനമുണ്ട്. അതിനെ അവഗണിച്ചുകൊണ്ട് മുജാഹിദ് ശൈലി സ്വീകരിച്ചത് (വന്നു ചേർന്നത്) പ്രസ്ഥാനത്തിന്റെ വിപ്ലവാഹ്വാനം ചെവികൊള്ളാൻ പൊതുസമൂഹത്തിന് കഴിയാതെ പോയതിന് കാരണമായിട്ടില്ലേ? ടി.കെ പറയുന്നതുപോലെ പ്രസ്ഥാനമാണ് നമസ്കാരത്തിലെ വജ്ജഹ്തുവിന്റെ അർഥം പഠിപ്പിച്ചതെങ്കിൽ, എത്ര പേർക്ക് ആ വഴിയിലൂടെ പ്രസ്ഥാനത്തിലെത്താൻ കഴിഞ്ഞുവെന്ന് ചിന്തിക്കേണ്ടതില്ലേ?

ഇസ്‌ലാമിക പ്രസ്ഥാനം ആറുപതിറ്റാണ്ട് പിന്നിട്ടുകഴിഞ്ഞു. അവിഭക്ത ഭാരതത്തിൽ പ്രസ്ഥാനത്തിന് ബീജാവാപം നൽകിയത് സയ്യിദ് മൗദൂദിയാണ്. ഒരു ബഹുസ്വര സമൂഹത്തെ സംബന്ധിച്ചേടത്തോളം പ്രസ്ഥാനത്തിന്റെ പ്രസക്തി അന്വേഷിക്കേണ്ടത് അറുപത് വർഷങ്ങൾക്ക് മുമ്പ് രചിക്കപ്പെട്ട മൗദൂദി സാഹിത്യങ്ങളിലല്ല. അത് ചരിത്രപരവും വൈജ്ഞാനികവുമായ ഈടുറ്റ കൃതികൾ എന്ന നിലക്ക് എക്കാലത്തും ജ്വലിച്ചു നിൽക്കുക തന്നെ ചെയ്യും. പക്ഷേ ഒരു പ്രസ്ഥാനത്തിന്റെ ആവശ്യകതയും പ്രസക്തിയും ഉരുത്തിരിയേണ്ടത് നമ്മുടെ മൗലികമായ അടിസ്ഥാനങ്ങളിൽനിന്നുതന്നെയാവണം. അത് കാലാതിവർത്തിയായ പരിശുദ്ധ ഖുർആനും പ്രവാചക ചര്യയുമാണ്. ഈ ലേഖനത്തിനിടയിൽ പോലും മൗദൂദി സാഹിബിന്റെ ഫോട്ടോ തിരുകിക്കയറ്റാൻ വല്ലാതെ തിടുക്കം കാണിച്ചിരിക്കുന്നു. ടി.കെ തന്റെ പ്രസംഗത്തിലൊരിടത്തും മൗദൂദിയെ പരാമർശിച്ചിട്ടില്ലല്ലോ?

**ഉമർ മുഹമ്മദ് കളമശ്ശേരി**

---

# മൊബൈൽ രംഗത്തെ സാമ്രാജ്യത്വവും ബി.എസ്.എൻ.എലും

**ഇന്ത്യയിലെ** ഏറ്റവും വലിയ മൊബൈൽ ലാന്റ് ഫോൺ സേവന ദാതാക്കളായ ബി.എസ്.എൻ.എല്ലിനെക്കുറിച്ച് കഴിഞ്ഞ ലക്കങ്ങളിൽ വന്ന ലേഖനങ്ങളും അതിന്റെ പ്രതികരണങ്ങളും വായിച്ചപ്പോൾ തോന്നിയ ചില കാര്യങ്ങൾ കഴിഞ്ഞ രണ്ടു വർഷമായി അതേ കമ്പനിയിൽ ജൂനിയർ ടെലികോം ഓഫീസറായി ജോലി ചെയ്യുന്ന വ്യക്തിയെന്ന നിലയിൽ ചിലതു കുറിക്കാതിരുന്നാൽ അതു പലരുടെയും തെറ്റിദ്ധാരണകളെ സാധൂകരിക്കും എന്നുള്ളതിനാലാണ് ഈ കുറിപ്പ്.

2000 ഒക്ടോബറിൽ ടെലികോം മന്ത്രാലയത്തിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽനിന്നും സ്വതന്ത്രാധികാരമുള്ള ഒരു ബോർഡിന്റെ കീഴിൽ രൂപീകരിക്കപ്പെട്ടതാണു ബി.എസ്.എൻ.എൽ. അതിനാൽ തന്നെ ഇതിന്റെ പകുതി ഓഹരികൾ വിറ്റു കഴിഞ്ഞുവെന്നും ബാക്കിയുള്ളതും വിൽപനക്കു വെച്ചിരിക്കുകയാണെന്നും ഉള്ള കണ്ടെത്തലുകൾ യഥാർഥ വസ്തുതയെന്താണെന്നു പോലും അന്വേഷിക്കാതെ പ്രസിദ്ധീകരിച്ചു കണ്ടപ്പോൾ വിഷമം തോന്നി.

ഇന്ത്യയിലെ ടെലികോം രംഗത്തെ വിദേശികളടക്കമുള്ള സ്വകാര്യ വ്യക്തി-കമ്പനികൾക്ക് തുറന്നു കൊടുത്തുകൊണ്ട് മുൻകാല സർക്കാറുകൾ പൊതുമേഖലയിൽ നല്ല നിലയിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ബി.എസ്.എൻ.എല്ലിനെ നശിപ്പിക്കുകയായിരുന്നു.

സ്വകാര്യ കുത്തക മുതലാളിമാർ തങ്ങളുടെ കീശ നിറക്കുന്നതിനായി പല അടവുകളും (അത് ഫ്രീ കണക്ഷനുകളായും മോഹിപ്പിച്ച് കബളിപ്പിക്കുന്ന ഓഫറുകളായും) പയറ്റുമ്പോൾ അങ്ങനെ ചെയ്യാതിരിക്കുന്ന ബി.എസ്.എൻ.എൽ പഴഞ്ചനായി മുദ്രകുത്തപ്പെടുന്നത് സ്വാഭാവികം മാത്രമാണ്.

റിലയൻസ്, ടാറ്റ, ഭാരതി, ബിർള തുടങ്ങിയ ഇന്ത്യയിലെ വൻകിട മുതലാളിമാരുടെ കുത്തക റീട്ടെയിൽ ശൃംഖലകൾക്കെതിരെ സമരം നടത്തിയവർ പോലും അവരുടെ മൊബൈൽ രംഗത്തെ തട്ടിപ്പിനെതിരെ ശബ്ദമുയർത്താൻ പോലുമാകാനാവാത്ത വിധം അവർ നമ്മുടെ നിത്യ ജീവിതത്തിലേക്കു കടന്നുകയറിയിരിക്കുന്നു.

വോഡഫോൺ സാമ്രാജ്യത്വത്തിന്റെ മാത്രമല്ല, സയണിസത്തിന്റെ കൂടി ഏജന്റാണെന്നു നമ്മിൽ പലർക്കും അറിയില്ല; അതുപോലെ തന്നെ എയർടെല്ലിന്റെ പ്രയോക്താക്കളിൽ ഫാഷിസ്റ്റ് കക്ഷികൾ ഉണ്ടെന്നും. അമേരിക്കയിലെ ചില്ലറ വിൽപന രംഗത്തെ തകിടം മറിച്ച വാൾമാർട്ട് എന്ന ഭീകരനെ ഇന്ത്യയിൽ കുടിയിരുത്തിയരും ഇതേ ‘ഭാരതി’ ഗ്രൂപ്പാണ്. മൊബൈൽ കമ്പനികൾക്കെതിരായ സാമ്രാജ്യത്വ ആരോപണങ്ങൾക്കിടയിലും നമുക്ക് ഒഴിവാക്കാനാവാത്ത അല്ലെങ്കിൽ നാം ഉപയോഗിക്കാൻ നിർബന്ധിതരാകുന്ന മേഖലയാണു ഹാന്റ് സെറ്റുകൾ. അത് സ്വദേശിയായി നിർമിക്കപ്പെടുന്നി

ല്ല. അതിനാൽ തന്നെ അതിന്റെ ഉപയോഗത്തിലും സൂക്ഷ്മത പുലർത്തേണ്ടിയിരിക്കുന്നു. പ്രത്യേകിച്ച് ഗൾഫ് പണം ലഭിക്കുന്ന മലബാറിലെ യുവാക്കളും കുട്ടികളും.

ബി.എസ്.എൻ.എല്ലിനെക്കുറിച്ച് രോഷം കൊള്ളുന്നവർ ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലെ ചെറിയ ചെറിയ ഗ്രാമങ്ങളെപ്പറ്റിയും ഓർക്കേണ്ടതുണ്ട്. അവിടെ ശരാശരി വരുമാനം വളരെ കുറഞ്ഞ പാവങ്ങളെത്തേടി വൻകിട സ്വകാര്യ കമ്പനികൾ എത്താത്തിടത്തെല്ലാം സാമൂഹിക സേവനമെന്ന നിലയിലും സർക്കാർ നിയന്ത്രണത്തിലുള്ളതെന്ന നിലയിലും ബി.എസ്.എൻ.എൽ ചെന്നെത്തിയിട്ടുണ്ട്. കേരളത്തിലെ മധ്യവർഗ ജനവിഭാഗത്തെ പ്രത്യേകിച്ച് മലബാറിലെ ഗൾഫ് പണത്തെ പിടുങ്ങാൻ മുക്കിലും മൂലയിലും പല പേരുകളിലും എത്തുന്ന സ്വകാര്യ കമ്പനികളുടെ കെണിയിൽ ഏറ്റവും കൂടുതൽ കുടുങ്ങിയിട്ടുള്ളത് മുസ്‌ലിംകളാണെന്നുള്ളതും യാഥാർഥ്യമാണ്.

സേവന രംഗത്ത് സ്വകാര്യമേഖലയിൽ നിന്നുള്ള കടുത്ത മത്സരത്തെ നേരിടുന്ന ഒരു സർക്കാർ സ്ഥാപനത്തിനു വേഗതകുറവാണെന്നു തോന്നുന്നതിൽ തെറ്റില്ല. കാരണം, എല്ലാത്തരം പ്രവർത്തനങ്ങൾക്കും അതിന്റെ രേഖാപരമായ നൂലാമാലകൾ സർക്കാർ സംവിധാനത്തിൽ ഇന്നും തുടരുന്നു എന്നതാണ്. സി.കെ.എ ജബ്ബാറിനെ ബി.എസ്.എൻ.എല്ലിൻെറ ഓഹരി പങ്കാളിയാക്കുന്നതിനു മുമ്പ് ഷെബീൻ പെരിമ്പലം സാമ്രാജ്യത്വത്തിന്റെ ഏജന്റാണോ എന്നാണ് ചോദിക്കാൻ തോന്നുന്നത്.

**ആരിഫ് അഹ്മദ് കൊടിയത്തൂർ**
**ഹൊശിയാർപ്പൂർ, പഞ്ചാബ്**

# സഖാവ് 'സോളിഡാരിറ്റി' ആയ കഥ

**പാലക്കാട്** തോണിപ്പാടത്തെ ഒരു പ്രമുഖ കുടുംബത്തിലെ അംഗമായിരുന്നു മർഹൂം ഹൈദ്രോസ് മൂപ്പൻ. യുവാവായിരിക്കെ അവിഭക്ത കമ്യൂണിസ്റ്റ് പാർട്ടിയിൽ അംഗത്വം ലഭിച്ച വ്യക്തി. ഏതാണ്ട് പത്ത് വർഷം മുമ്പ് ജമാഅത്തെ ഇസ്‌ലാമി കേരള ഇന്റേണൽ ഓഡിറ്റർ എന്ന നിലയിൽ തോണിപ്പാടത്തുള്ള മദ്റസ, പള്ളി കണക്കുകൾ ഓഡിറ്റിംഗിനായി അദ്ദേഹത്തിന്റെ വീട്ടിൽ ഈ കുറിപ്പുകാരൻ താമസിക്കാനിടയായി. അന്ന് പങ്കുവെച്ച അദ്ദേഹത്തിന്റെ കഥയാണ് പ്രസ്ഥാന താൽപര്യം മുൻനിർത്തി ഇവിടെ കുറിക്കുന്നത്.

യുവാവായ ഹൈദ്രോസ് ഒരു രാത്രി സിനിമ കാണാൻ പോകവെ ജമാഅത്തിന്റെ ഒരു പ്രമുഖ പണ്ഡിതൻ (മുൻ കൊച്ചി നാസിം അബ്ദുൽജബ്ബാർ മൗലവിയാണെന്ന് ഓർക്കുന്നു) അദ്ദേഹത്തെ കണ്ടുമുട്ടി. 'എവിടെ പോകുന്നു' മൗലവി ചോദിച്ചു. കൂസലന്യെ 'സിനിമക്ക്' എന്ന് മറുപടി. മൗലവി വീണ്ടും. 'സിനിമ കണ്ട് മടങ്ങുമ്പോൾ എന്നെ വന്ന് കാണുമോ?' 'ശരി, വരാം' – ഹൈദ്രോസിന്റെ മറുപടി. ഹൈദ്രോസ് സിനിമ കണ്ട് നേരെ മൗലവിയുടെ അടുത്ത് ചെന്നു. 'എങ്ങനെയുണ്ടായിരുന്നു പടം' മൗലവിയുടെ ചോദ്യം. 'നന്നായിരുന്നു.' 'ശരി, ഇതാ ഈ പുസ്തകം കൊണ്ട് പോയി വായിക്കാമോ?' മൗലവി ചോദിച്ചു. വായിക്കാം എന്ന് പറഞ്ഞ് ചെറുപ്പക്കാരൻ പുസ്തകം വാങ്ങി. വീട്ടിൽ ചെന്നപ്പോൾ ഉറക്കം വരുന്നില്ല. ഒരു സിഗരറ്റ് എടുത്ത് കത്തിച്ച് പുസ്തകം വായിച്ച് തുടങ്ങി. അങ്ങനെ, ആ ഇരുന്ന ഇരുപ്പിൽ ആ കൊച്ചുപുസ്തകം (അബുൽ അഅ്‌ലാ മൗദൂദിയുടെ *സത്യസാക്ഷ്യം*) വായിച്ചു തീർത്തു. പുസ്തകം ഒന്നുകൂടി ശ്രദ്ധിച്ചു വായിക്കണം. ഹൈദ്രോസിന്റെ മനസ് മന്ത്രിച്ചു. നേരം പുലരുന്നതിനു മുമ്പ് പുസ്തകം സശ്രദ്ധം പിന്നെയും പിന്നെയും വായിച്ചു.

രണ്ടു ദിവസം കഴിഞ്ഞ് മൗലവി ആ പുസ്തകം മടക്കിക്കൊടുത്ത് കുറച്ചു കൂടി പുസ്തകങ്ങൾ ആവശ്യപ്പെട്ടു. *ഇസ്‌ലാം മതം* തുടങ്ങിയ ചില പുസ്തകങ്ങൾ കൂടി വായിച്ചു. അപ്പോൾ ഹൈദ്രോസിന് ബോധ്യം വന്നു. താൻ പിൻപറ്റുന്ന മാർക്സിസം അബദ്ധമാണ്, സുബദ്ധമായ വഴി പുസ്തകവായനയിലൂടെ കണ്ടെത്തിയതാണ് എന്ന്. കമ്യൂണിസ്റ്റ് പാർട്ടി അംഗത്വം രാജിവെക്കാൻ തീരുമാനിച്ചു. എന്നാൽ അത് എളുപ്പമല്ല; ചിലപ്പോൾ ജീവൻ തന്നെ നഷ്ടപ്പെടും. എങ്കിലും ധൈര്യം അവലംബിച്ച് പാർട്ടിയെ സമീപിച്ചു. യാതൊരു കാരണവശാലും പാർട്ടി രഹസ്യം ഒന്നും തന്നെ വെളിവാക്കുകയില്ല എന്ന നിബന്ധനയിൽ കമ്യൂണിസ്റ്റ് പാർട്ടി അംഗത്വം രാജിവെക്കാൻ ഹൈദ്രോസിന് സമ്മതം ലഭിച്ചു.

അങ്ങനെ ഇസ്‌ലാമിക പ്രസ്ഥാനത്തിന്റെ സജീവപ്രവർത്തകനായി ആ ചെറുപ്പക്കാരൻ. കർഷകനും ജന്മിയുമായിരുന്ന പിതാവ് സകാത്ത് ഭൂരിഭാഗവും നൽകിയിരുന്നത് മലപ്പുറം ഭാഗത്തുനിന്ന് എത്തുന്ന ചില തങ്ങന്മാർക്കും മറ്റുമായിരുന്നു. ആയിടെ പിതാവിന്റെ സുഹൃത്ത് ഒരു തങ്ങൾ വീട്ടിൽ എത്തി വീട്ടുവർത്തമാനങ്ങളും മറ്റും അന്വേഷിക്കവെ പിതാവ് പറഞ്ഞു: 'മോന് ഇപ്പോൾ ചില ഭാവ ഭേദങ്ങളൊക്കെ സംഭവിച്ചിട്ടുണ്ട്. മുമ്പത്തെ മാതിരിയൊന്നുമല്ല, ബാങ്ക് വിളികേട്ടാൽ ഉടനെ പള്ളിയിൽ പോകും. സിനിമക്കൊന്നും ഇപ്പോൾ പോകാറില്ല. അവൻ ജമാഅത്തെ ഇസ്‌ലാമി അനുഭാവിയാണത്രെ!' ഉടനെ തങ്ങൾ, 'സുബ്ഹാനല്ലാഹ്! കാഫിർ മൗദൂദിയുടെ പാർട്ടിയിലാണോ അവൻ ചെന്ന് പെട്ടിരിക്കുന്നത്?' 'കാഫിർ' എന്ന വാക്ക് കേട്ടതും അടുത്ത മുറിയിൽ ഉണ്ടായിരുന്ന (പിതാവും തങ്ങളും അറിയാതെ) ഹൈദ്രോസ് ചാടിയെഴുന്നേറ്റ് തങ്ങളുടെ നേരെ തിരിഞ്ഞു, മൗദൂദി സാഹിബിനെ നിങ്ങൾ എങ്ങനെയാണ് കാഫിറാക്കുന്നത് എന്ന് ചോദിച്ചു. മൗദൂദി ഈമാൻ കാര്യം അഞ്ച് ആക്കിയെന്ന് തങ്ങൾ. അതിനെന്താ തെളിവ്? ഹൈദ്രോസിന്റെ ചോദ്യം പലരും പറയുന്നത് കേട്ടതാ എന്നായി തങ്ങൾ. കേട്ടുകേൾവിയുടെ അടിസ്ഥാനത്തിൽ മാത്രം ഇത്രഗുരുതരമായ ആരോപണങ്ങൾ ആരുടെ മേലും നടത്താൻ പാടില്ലെന്ന് പറഞ്ഞ് ഹൈദ്രോസ് സത്യാവസ്ഥ വിവരിച്ച് കൊടുത്തപ്പോൾ തങ്ങൾ അഗാധമായ ഖേദം പ്രകടിപ്പിച്ചുവത്രെ!

ഹൈദ്രോസ് മൂപ്പൻ പിൽകാലത്ത് ജമാഅത്തെ ഇസ്‌ലാമി സജീവ പ്രവർത്തകനും ജമാഅത്ത് അംഗവും ആയി. കേരളത്തിൽ ആദ്യമായി കുടുംബസംഗമം എന്ന ആശയം ഉൾക്കൊണ്ട് മലപ്പുറം ജില്ലയിലും മറ്റും വ്യാപിച്ച് കിടക്കുന്ന മൂപ്പന്മാരുടെ ഒരു സംഗമം അദ്ദേഹത്തിന്റെ പരിശ്രമഫലമായി വർഷങ്ങൾക്ക് മുമ്പ് കൊച്ചിയിൽ വിജയകരമായി നടത്തി എന്നതും പ്രസ്താവ്യമാണ്.

**കെ. അബൂബക്കർ വടക്കാങ്ങര**

# കോൺഗ്രസിലെ മുസ്‌ലിം പ്രാതിനിധ്യം

**കേരളത്തിലെ** ജനസംഖ്യയിൽ നാലിലൊന്ന് വരുന്ന മുസ്‌ലിംകൾക്ക് കോൺഗ്രസിലും വിവിധ സർക്കാർ സംവിധാനങ്ങളിലും അർഹമായ പ്രാതിനിധ്യം നൽകാത്തതിൽ കെ.പി.സി.സി ന്യൂനപക്ഷ വിഭാഗം നേതാക്കൾ പാർട്ടി അധ്യക്ഷ സോണിയ ഗാന്ധിയെകണ്ട് പരാതി സമർപ്പിച്ചതായി പത്രങ്ങൾ റിപ്പോർട്ട് ചെയ്തിരുന്നല്ലോ. കേരളത്തിൽ രണ്ടേ രണ്ട് സീറ്റുകളിൽ മാത്രമാണ് മുസ്‌ലിംകൾക്ക് കോൺഗ്രസ് ടിക്കറ്റിൽ മത്സരിക്കാൻ കഴിഞ്ഞത്. രാജ്യസഭാ സീറ്റിൽ ഒന്നുപോലും കോൺഗ്രസ് മുസ്‌ലിംകൾക്ക് ലഭിച്ചിട്ടില്ല. മന്ത്രി-ഗവർണർ പദവികളിലേക്കും എ.ഐ.സി.സി, കെ.പി.സി.സി എന്നിവയിലും മുസ്‌ലിംകൾക്ക് മതിയായ പ്രാതിനിധ്യം നൽകിയിട്ടില്ല. അക്കാദമിക സ്ഥാപനങ്ങൾ, സർക്കാർ സമിതികൾ എന്നിവ

യുടെ കാര്യവും മറിച്ചല്ല. ഇങ്ങനെ പോകുന്നു ഇവരുടെ പരാതികൾ.

രാജ്യത്തെ പ്രബല ന്യൂനപക്ഷമായ മുസ്‌ലിംകളോട് ഇവിടുത്തെ ഏറ്റവും വലിയ മതേതര കക്ഷികളായ കോൺഗ്രസ് കാണിച്ചുപോരുന്ന അവഗണനക്ക് ദശാബ്ദങ്ങളുടെ പഴക്കമുണ്ട് എന്നതാണ് യാഥാർഥ്യം. ഇക്കഴിഞ്ഞ ലോകസഭാ തെരഞ്ഞെടുപ്പിലും മുസ്‌ലിം അവഗണനയുടെ രീതിശാസ്ത്രം തന്നെയായിരുന്നു കോൺഗ്രസ് സ്വീകരിച്ചത്. 40 ലക്ഷത്തിലേറെ മുസ്‌ലിംകളുള്ള മധ്യപ്രദേശിലെ 29 ലോകസഭാ മണ്ഡലങ്ങളിൽ കോൺഗ്രസ് ടിക്കറ്റ് നൽകിയത് ഒറ്റ മുസ്‌ലിം സ്ഥാനാർഥിക്കായിരുന്നു. വിജയ സാധ്യതയുള്ള മണ്ഡലങ്ങളിൽ പോലും മുസ്‌ലിംകളെ ഒഴിവാക്കിയ കോൺഗ്രസ് നിലപാട് ഖേദകരമാണെന്ന് കോൺഗ്രസ് നേതാവും മുൻ എം.പിയുമായ ഗുർഫാനെ അഅ്സം പറയുകയുണ്ടായി. ദൽഹിയിലെ ജനസംഖ്യയുടെ 10 ശതമാനം മുസ്‌ലിംകളാണ്. നോർത്ത്-ഈസ്റ്റ് മണ്ഡലങ്ങളിലാവട്ടെ 22 ശതമാനവും. എന്നിട്ടും മുസ്‌ലിം സമുദായത്തിൽ പെട്ട ഒരു സ്ഥാനാർഥിയെപോലും പരിഗണിച്ചില്ലെന്നും 1977-ന് ശേഷം ലോക്സഭയിൽ ഇവിടെനിന്ന് മുസ്‌ലിം പ്രതിനിധി ഉണ്ടായിട്ടില്ലെന്നും മുൻ എം.പി സയ്യിദ് ശിഹാബുദ്ദീൻ ആരോപണമുയർത്തിയിരുന്നു. മഹാരാഷ്ട്രയിലും മറ്റു സംസ്ഥാനങ്ങളിലും അവഗണനയുടെ ചിത്രം തന്നെയാണ് ദൃശ്യമായത്.

ജനസംഖ്യയിൽ 26 ശതമാനം വരുന്ന കേരളത്തിലെ മുസ്‌ലിംകൾക്ക് പാർലമെന്റിലും നിയമസഭയിലും പി.എസ്.സിയിലും അർഹമായ പ്രാതിനിധ്യം ലഭിച്ചിട്ടില്ലെന്നത് തിക്തയാഥാർഥ്യം തന്നെയാണ്. 1984ന് ശേഷം ലോകസഭയിലും 1986-ന് ശേഷം രാജ്യസഭയിലും കോൺഗ്രസിൽനിന്ന് ഒരു മുസ്‌ലിം പോയിട്ടില്ല. എ.എ റഹീമിന്ശേഷം കേന്ദ്രസർക്കാറിൽ ഒരു മുസ്‌ലിം കോൺഗ്രസിൽനിന്ന് മന്ത്രിയായിട്ടില്ല. കേരള പിറവിക്ക് ശേഷം 13 നായന്മാരും 11 ഈഴവന്മാരും 11 ക്രിസ്ത്യാനികളും 3 പട്ടികജാതിക്കാരും കോൺഗ്രസിന്റെ പേരിൽ പി.എസ്.സിയിൽ മെമ്പർമാരായപ്പോൾ ഒറ്റ മുസ്‌ലിം പോലും കോൺഗ്രസിൽനിന്ന് പി.എസ്.സി മെമ്പറായിട്ടില്ല. ജനസംഖ്യയിൽ 20 ശതമാനം വരുന്ന സമുദായത്തിന് 5 മന്ത്രിമാർ. 26 ശതമാനം വരുന്നവർക്കോ വെറും രണ്ട് പേർ! മുഖ്യമന്ത്രി, പ്രതിപക്ഷ നേതാവ്, ഗവർണർ, ഡി.ജി.പി, ചീഫ് സെക്രട്ടറി എല്ലാം മുസ്‌ലിം സമുദായത്തിന് പുറത്തുള്ളവർ.

കോൺഗ്രസിന്റെ 17 സ്ഥാനാർഥികളിൽ നായർ സമുദായത്തിന് 5 ഉം ക്രൈസ്തവ സമുദായത്തിനും ഈഴവ സമുദായത്തിനും 4 വീതവും, പട്ടിക ജാതിക്കാർക്ക് 2ഉം സീറ്റുകൾ നൽകിയപ്പോൾ മുസ്‌ലിം സമുദായത്തിന് തോൽക്കുമെന്നുറപ്പുള്ള കാസർകോഡടക്കം രണ്ട് സീറ്റുകളാണ് കണ്ടെത്തിയത്.

ദേശീയ തലത്തിൽ മുസ്‌ലിം സമുദായം ഒന്നാകെ കോൺഗ്രസിനെ പിന്തുണച്ചിട്ടും 79 അംഗ കേന്ദ്രമന്ത്രി സഭയിൽ മുസ്‌ലിം സമുദായത്തിന് പാർട്ടിയിൽനിന്ന് കിട്ടിയത് ഒരു കാബിനറ്റ് പദവിയും ഒരു സഹമന്ത്രിസ്ഥാനവും മാത്രം! കേന്ദ്രമന്ത്രിസഭയിൽ കേരളത്തിൽനിന്നും കോൺഗ്രസ് 5 മന്ത്രിമാരെ കണ്ടെത്തിയപ്പോൾ സംസ്ഥാനത്ത് ഏറ്റവും ഭൂരിപക്ഷം നേടിയ ഒരു മുസ്‌ലിം എം.പി ഉണ്ടായിട്ടും പരിഗണിക്കാൻ കോൺഗ്രസ് തയാറായില്ല. ബഹുസ്വര സമൂഹത്തിൽ വിഭിന്ന വിഭാഗങ്ങൾക്ക് തുല്യനീതിയും അവസരവും ഉൾപ്പെടുത്തുന്നതിന് വേണ്ടി പ്രവർത്തിക്കാൻ രാഷ്ട്രീയപാർട്ടികൾ ബാധ്യസ്ഥമാണ്. പിന്നാക്കം നിൽക്കുന്ന ജനവിഭാഗങ്ങളെ ഒപ്പമെത്തിക്കാനുള്ള നയപരിപാടികൾ മുന്നോട്ടു വെക്കാനോ അതിനു വേണ്ട നിയമ നിർമാണം നടത്താനോ രാഷ്ട്രീയ പ്രസ്ഥാനങ്ങൾക്ക് ബാധ്യതയുണ്ട്. അർഹമായ പങ്കാളിത്തം നിയമസഭയിലും പാർലമെന്റിലും മുസ്‌ലിംകൾക്കില്ലെന്ന് കോൺഗ്രസ് ഗവൺമെന്റ് തന്നെ നിയമിച്ച സച്ചാർ സമിതി റിപ്പോർട്ട് ചൂണ്ടിക്കാണിച്ച ശേഷവും മുസ്‌ലിം സമൂഹം സർവാത്മനാ പിന്തുണച്ച ഒരു മതേതര സർക്കാർ, മുസ്‌ലിംകൾക്ക് അവഗണനയുടെയും വിവേചനത്തിന്റെയും പഴയ നിലപാട് തന്നെയാണ് സമ്മാനിക്കുന്നതെങ്കിൽ അതെന്തുമാത്രം അധിക്ഷേപാർഹമല്ല!

**റഹ്മാൻ മധുരക്കുഴി**